"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി ധനലക്ഷ്മി .പി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.496/2024/AGRI തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/04/2024 തീയതിയിലെ ADFW/2885/2024-SD2 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 29/04/2024 തീയതിയിലെ ADFW/2885/2024-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായി 25/06/2014 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ധനലക്ഷ്മി .പി നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പൂർത്തിയാകേണ്ടിയിരുന്നത് 24/06/2016 അപരാഹ്നത്തിലാണെന്നും ടിയാൾ നാളിതുവരെ അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ ) പാസ്സായിട്ടില്ലെന്നും ടിയാളുടെ ജനനതീയതി 30/05/1972 ആയതിനാൽ ടിയാന് 29/05/2022 ന് 50 വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പൂർത്തിയാകുന്നത് 29/05/2022 അപരാഹ്നത്തിലാണെന്നും ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 25/06/2016 മുതൽ 24/06/2017വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി ധനലക്ഷ്മി .പി-യുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീമതി ധനലക്ഷ്മി .പി യുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ , ടിയാളുടെ 50ാം ജന്മദിനതീയ്യതിയായ 30/05/2022 പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിലേക്കായി, കെഎസ് &എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി യിലേയും, ചട്ടം 21ലേയും, 25.07.2018 -ലെ റൂൾസ് -1/ 235/2018/ഉ.ഭ.പ.വ നമ്പർ സർക്കുലറിലേയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 25/6/2017 മുതൽ 31/05/2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി ധനലക്ഷ്മി .പി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/123/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ